**ഭരണഭാഷ മാതൃഭാഷ**

**<u>നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം)</u>**

**എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം -33**
**തീയതി : 21-12-2024**
**Ph :- 0471-2306246**
**E-mail : deker.emp.lbr@kerala.gov.in**

**എംപ്ലോയ്മെന്റ് ഡയറക്ടർ**

**ഡയറക്ടർ**
**വിവര പൊതുജന സമ്പർക്ക വകുപ്പ്**
**ഗവൺമെന്റ് സെക്രട്ടറിയേറ്റ്,**
**തിരുവനന്തപുരം.**

**സർ,**

വിഷയം : നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) - ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക പുതുക്കൽ - പത്രകുറിപ്പ് നൽകുന്നത് - സംബന്ധിച്ച്.

സൂചന : സ.ഉ.(സാധാ)നം. 1202/2024/LBR തീയതി 23.11.2024 സർക്കാർ ഉത്തരവ്.

*********************

സൂചനയിലേയ്ക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പത്രക്കുറിപ്പ് ദൃശ്യ ശ്രവ്യ മാധ്യമങ്ങളിൽ വിപുലമായി പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

**DEPUTY DIRECTOR**
**എംപ്ലോയ്മെന്റ് ഡയറക്ടർക്ക് വേണ്ടി**

**<u>പത്രക്കുറിപ്പ്</u>**

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, എന്നാൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ ലാപ്സായിട്ടുള്ള 50 വയസ്സ് പൂർത്തിയാകാത്ത (31/12/2024-നകം) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അവരുടെ തനത് സീനിയോറിറ്റി ഉൾപ്പെടെ, രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് 3 മാസ കാലയളവ് വരെ സമയം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

പ്രത്യേക പുതുക്കൽ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതിന് 19/12/2024 മുതൽ 3 മാസ കാലയളവ്, (18/03/2025) വരെ ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരായോ, ദൂതൻ മുഖേനയോ അപേക്ഷ സമർപ്പിക്കുന്നവർക്ക് മാത്രമേ പ്രത്യേക പുതുക്കലിൻറെ ആനുകൂല്യം ലഭിക്കുകയുള്ളു. അസ്സൽ സർട്ടിഫിക്കറ്റുകൾ, രജിസ്ട്രേഷൻ കാർഡ് എന്നിവ സഹിതം ഹാജരായി എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ചിൽ പുതുക്കൽ നടത്തേണ്ടതാണ്.

**DEPUTY DIRECTOR**
**എംപ്ലോയ്മെന്റ് ഡയറക്ടർക്ക് വേണ്ടി**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് - ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ റദ്ദായ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ സീനിയോറിറ്റി പുതുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.1202/2024/LBR തീയതി,തിരുവനന്തപുരം, 23-11-2024

---

പരാമർശം:-

1. 25./06/2022 ലെ സ.ഉ.(കൈ) 111/2022/പൊ.വി.വ സർക്കാർ ഉത്തരവ്.
2. 05/09/2022 ലെ സ.ഉ (സാധാ) നം. 1075/2022/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്.
3. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 06/09/2024 തീയതിയിലെ ഡി.ഇ/2751/2024-P2 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിൽ ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിലെ ഒഴിവുകളിലേക്ക്, അർഹരായ ഭിന്നശേഷിക്കാരുടെ ലിസ്റ്റ് എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നും ലഭ്യമാക്കി നിയമനം നടത്തണമെന്ന് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് വിവിധ മാനേജ്മെന്റുകളിൽ നിന്നും 2500 ലധികം ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപോർട്ട് ചെയ്യുകയും ആയതിലേക്ക് യോഗ്യരായ ഭിന്നശേഷി ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുകയുമുണ്ടായി.

നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷി ഉദ്യോഗാർത്ഥികളിൽ, ഏകദേശം 4000 ത്തിലധികം ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ വിവിധ കാരണങ്ങളാൽ ലാപ്സ് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ രജിസ്ട്രേഷൻ റദ്ദായ ഉദ്യോഗാർത്ഥികളിൽ ഭൂരിഭാഗവും, എയ്ഡഡ് വിദ്യാലയങ്ങളിൽ നിന്നും ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത് അറിയിക്കുന്ന അദ്ധ്യാപക -അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾക്ക് നാമനിർദ്ദേശം ചെയ്യപ്പെടുവാൻ യോഗ്യരായിട്ടുള്ളവരാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ 4% ഭിന്നശേഷി സംവരണം അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതോടെ വളരെയധികം അവസരങ്ങൾ ഭിന്നശേഷി വിഭാഗക്കാർക്ക് ലഭ്യമാകുകയും ചെയ്യും.

PSC മുഖേന സർക്കാർ വകുപ്പുകളിൽ അനദ്ധ്യാപക തസ്തികകളിൽ ജോലി ചെയ്യുന്ന ഭിന്നശേഷിക്കാരായ ജീവനക്കാരെ, ഭിന്നശേഷി സംവരണ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തപ്പെടുന്ന എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾക്ക് പരിഗണിക്കുന്നതിനായി, ലാപ്സായവരുടെ രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് പരാമർശം 2 പ്രകാരം

ഉത്തരവായിരുന്നു. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടിട്ടുള്ള, എന്നാൽ വിവിധ കാരണങ്ങളാൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ ലാപ്സായിട്ടുള്ള, 50 വയസ്സ് പൂർത്തിയാകാത്ത ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക്, അവരുടെ സീനിയോറിറ്റി ഉൾപ്പെടെ രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ സർക്കാരിനോട് അഭ്യർഥിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എംപ്ലോയ്മെന്റ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിൽ ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിലെ ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിനായി, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ ലാപ്സായിട്ടുള്ള, 50 വയസ്സ് പൂർത്തിയാകാത്ത ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക്, അവരുടെ സീനിയോറിറ്റി ഉൾപ്പെടെ രജിസ്ട്രേഷൻ പുതുക്കാൻ, ഉത്തരവ് തീയതി മുതൽ 3 മാസ കാലയളവ് വരെ എംപ്ലോയ്മെന്റ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് ഹരികിഷോർ ഐ എ എസ്
സെക്രട്ടറി

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വിവിധ പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ വഴി പൊതുജനങ്ങളെ അറിയിക്കേണ്ടതാണ്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Kavitha I
സെക്ഷൻ ഓഫീസർ
Date: 09-12-2024 10:49:43